**FACT** PIONEERS IN PROGRESS

**THE FERTILISERS AND CHEMICALS TRAVANCORE LTD**

(A Govt. of India Enterprises) Regd. Office: Eloor

Udyogamandal - 683 501, Kochi, Kerala. CIN: L24129KL1943G01000371

**Ph : 0484 - 2546586 | Fax : 0484 2546637** Email: kvbnair@factltd.com | www.fact.co.in

# 76-ാമത് വാർഷിക പൊതു യോഗം സംബന്ധിച്ച അറിയിപ്പ്

ദി ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (ഫാക്ട്) അംഗങ്ങളുടെ 76-ാമത് വാർഷിക പൊതുയോഗം 2020 സെപ്റ്റംബർ 23, ബുധനാഴ്ച രാവിലെ 11ന് വീഡിയോ കോൺഫറൻസിംഗ് (വിസി)/ മറ്റ് ഓഡിയോ വിഷ്വൽ മാർഗ്ഗങ്ങളിലൂടെ (ഒഎവിഎം), 2013-ലെ കമ്പനി നിയമത്തിലെ നിബന്ധനകൾക്കും, ഇതുപ്രകാരമുള്ള ചട്ടങ്ങൾക്കും, 2015-ലെ സെക്യൂരിറ്റി & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) (ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് & ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസിനും, കൂടാതെ കമ്പനി കാര്യമന്ത്രാലയം ഏപ്രിൽ 8, 13, മെയ് 5 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ജനറൽ സർക്കുലർ നമ്പർ യഥാക്രമം 14/2020, 17/2020, 20/2020, സെക്യൂരിറ്റി & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) മെയ് 12, 2020നു പുറപ്പെടുവിച്ച സർക്കുലർ നമ്പർ SEBI/HO/CFD/CMD1/CIR/2020/79 എന്നിവയ്ക്ക് അനുസരിച്ച് നോട്ടീസിൽ പറയുന്ന കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിനു വേണ്ടി ചേരുന്നതായിരിക്കും. വിസി/ഒഎവിഎം എന്നിവയിലൂടെ പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളെ കമ്പനി നിയമത്തിലെ സെക്ഷൻ 103 പ്രകാരമുള്ള ക്വാറമായി പരിഗണിക്കും.

മേൽപ്പറഞ്ഞ സർക്കുലറുകൾ പ്രകാരം, പൊതുയോഗത്തിന്റെ നോട്ടീസും, വാർഷിക റിപ്പോർട്ടും കമ്പനിയുടെ അംഗങ്ങൾക്ക് കമ്പനിയിലോ/കമ്പനിയുടെ രജിസ്ട്രാർ & ട്രാൻസ്ഫർ ഏജന്റിലോ (ആർടിഎ) അല്ലെങ്കിൽ ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റിലോ (ഡിപി) രജിസ്റ്റർ ചെയ്ത ഇമെയിൽ വിലാസത്തിൽ മാത്രമാകും അയയ്ക്കുക. ഈ പറഞ്ഞ രേഖകൾ കമ്പനിയുടെ വെബ്സൈറ്റായ www.fact.co.in ലും, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡ് വെബ്സൈറ്റായ www.nseindia.com ലും ലഭ്യമാക്കും.

പൊതുയോഗത്തിന്റെ നോട്ടീസിൽ പറയുന്ന പ്രകാരമുള്ള എല്ലാ പ്രമേയങ്ങളിലും അംഗങ്ങൾക്ക് വോട്ട് രേഖപ്പെടുത്താൻ കമ്പനി റിമോട്ട് ഇ-വോട്ടിംഗ് സൗകര്യം ഏർപ്പെടുത്തും. ഇതു കൂടാതെ പൊതുയോഗത്തിൽ ഇ-വോട്ടിംഗ് സിസ്റ്റം വഴി വോട്ട് ചെയ്യാനുള്ള സൗകര്യവും നൽകുന്നതായിരിക്കും. അംഗങ്ങൾക്ക് ഉടൻ അയയ്ക്കുന്ന പൊതുയോഗത്തിന്റെ നോട്ടീസിൽ റിമോട്ട് ഇ-വോട്ടിംഗ്/ഇ-വോട്ടിംഗിന്റെ നടപടിക്രമങ്ങൾ വിശദമായി പ്രതിപാദിക്കും.

**വാർഷിക റിപ്പോർട്ട് ലഭിക്കാൻ ഇമെയിൽ വിലാസം രജിസ്റ്റർ/ അപ്ഡേറ്റ് ചെയ്യേണ്ട വിധം:**

a) ഫിസിക്കൽ മോഡിൽ ഓഹരികൾ കൈവശമുള്ളവർ: ഓഹരി ഉടമയുടെ പേര്, രജിസ്റ്റേഡ് ഫോളിയോ നമ്പർ, ഇമെയിൽ വിലാസം, സ്വയം സാക്ഷ്യപ്പെടുത്തിയ പാൻ കാർഡ്, അഡ്രസ് പ്രൂഫ് (ആധാർ കാർഡ്, വോട്ടർ ഐഡി, പാസ്പോർട്ട്, യൂട്ടിലിറ്റി ബിൽ) എന്നിവയുടെ പകർപ്പുകൾ കൂടാതെ ബന്ധപ്പെടാനുള്ള നമ്പറും സഹിതം ആർടിഎയ്ക്ക് cs_rta@bfsl.co.in എന്ന വിലാസത്തിലോ അല്ലെങ്കിൽ കമ്പനിക്ക് kvbnair@factltd.com എന്ന വിലാസത്തിലോ ഇമെയിൽ അയയ്ക്കുക.

b) ഡിമാറ്റ് മോഡിൽ ഓഹരികൾ കൈവശമുള്ളവർ: ഡിപിയെ ബന്ധപ്പെടുക, ഡിപി നിഷ്കർഷിക്കുന്ന രീതിയിൽ ഇമെയിൽ വിലാസം രജിസ്റ്റർ ചെയ്യാനുള്ള നടപടിക്രമം പൂർത്തിയാക്കാം.

പൊതുയോഗത്തിൽ പങ്കെടുക്കാനുള്ള നിർദ്ദേശങ്ങളും, പൊതുയോഗത്തിൽ റിമോട്ട് ഇ-വോട്ടിംഗ്/ ഇ-വോട്ടിംഗ് സൗകര്യങ്ങൾ വഴി വോട്ട് രേഖപ്പെടുത്തേണ്ട രീതിയും ജനറൽ മീറ്റിംഗ് നോട്ടീസിൽ നൽകിയിട്ടുള്ള കുറിപ്പിൽ നിന്ന് വിശദമായി വായിച്ചറിയാൻ അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

ഇത് സംബന്ധിച്ച എല്ലാ തരത്തിലുമുള്ള സഹായത്തിനും കമ്പനിയുമായി ബന്ധപ്പെടുക.

സ്ഥലം : ഉദ്യോഗമണ്ഡൽ
തീയതി : 18.08.2020

**കെ. വി. ബാലകൃഷ്ണൻ**
കമ്പനി സെക്രട്ടറി & എക്സിക്യൂട്ടീവ് ഡയറക്ടർ (ഫിനാൻസ്)